# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1237** 12.07.2016-ൽ മറുപടിയ്ക്ക്.

**<u>സ്വകാര്യ ബസ് സർവീസുകൾ ദീർഘിപ്പിക്കൽ</u>**

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈപ്പിൻ പ്രദേശത്തു നിന്ന് കൊച്ചി നഗരത്തിലേക്കുള്ള സ്വകാര്യ ബസ് സർവ്വീസുകൾ ദീർഘിപ്പിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻ വരെ ദീർഘിപ്പിച്ചത്. അതിനു മുമ്പ് വൈപ്പിൻ ബസ് സ്റ്റാൻഡ് വരെ മാത്രമേ സർവീസ് ഉണ്ടായിരുന്നുള്ളു.<br>അതിനുശേഷം ടി ബസ്സുകളുടെ സർവ്വീസ് BTH ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും, നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും, വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം |
| (ബി) | നഗരത്തിന്റെ ഇതര പ്രാന്ത പ്രദേശങ്ങളിൽ നിന്നുമുള്ള സ്വകാര്യ ബസ് സർവ്വീസുകൾക്ക് നഗര പ്രവേശം സാധ്യമായിരിക്കെ വൈപ്പിനിൽ നിന്നുമുള്ള ബസ് സർവ്വീസുകൾക്ക് മാത്രം വിലക്ക് ഏർപ്പെടുത്തി-യിരിക്കുന്നത് എന്തുകൊ-ണ്ടെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| **(സി)** | ബഹുഭൂരിപക്ഷം വരുന്ന വൈപ്പിൻ നിവാസികളും പഠനത്തിനും തൊഴിലിനുമായി കൊച്ചി നഗരത്തെ ആശ്രയിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പ്രദേശവാസികളുടെ ദീർഘകാല ആവശ്യമായ സ്വകാര്യ ബസുകളുടെ നഗരപ്രവേശത്തിന് സാധ്യമായ നടപടി സ്വീകരിക്കുമോ? | | താഴെപ്പറയുന്ന തടസ്സങ്ങൾ മൂലം ഈ അപേക്ഷകൾ റീജിയണൽ ട്രാൻസ് പോർട്ട് അതോറിറ്റി നിരസിക്കുകയാണുണ്ടായിട്ടുള്ളത്.<br>1. വാഹനപ്പെരുപ്പം മൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേക്ക് കൂടുതൽ ബസ്സുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.<br>2. കൊച്ചി നഗരത്തിലെ, BTH ജംഗ്ഷൻ വരെയുള്ള റോഡുകൾ (3 KM) (മേനക, ഷൺമുഖറോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻ വഴി) ദേശസാത്കൃത റൂട്ടുകളുടെ ഭാഗങ്ങളായതിനാൽ ടി റൂട്ടുകളിൽ കൂടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടെയും സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും.<br>3. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ് പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്<br>4. BTH ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം.<br>5. BTH ജംഗ്ഷനിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കറുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതി ചെയ്യുന്നതുകൊണ്ടുള്ള സുരക്ഷാ പ്രശ്നം<br>തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചുകൊണ്ടും, വൈപ്പിൻ ഭാഗത്തു |

| | | | |
|---|---|---|---|
| | | | നിന്നുള്ള ബസ്സുകൾ വൈറ്റില മൊബിലിറ്റി<br>ഹബ്ബ് വരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും<br>എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട്<br>അതോറിറ്റിക്കു ലഭിച്ചുവെങ്കിലും നിയമ<br>തടസ്സമുള്ളതു കൊണ്ടും മോട്ടോർ വാഹന<br>നിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട്<br>അതോറിറ്റി എടുത്ത തീരുമാനം<br>പുന:പരിശോധിക്കുന്നതിന് അതേ<br>അതോറിറ്റിക്ക് അധികാരം ഇല്ലാത്തതിനാലും<br>ടി ആവശ്യം അനുവദിക്കുന്നത് റൂട്ട്<br>ദേശസാൽക്കരണം സംബന്ധിച്ച സർക്കാർ<br>ഉത്തരവുകളുടെയും ബന്ധപ്പെട്ട<br>സുപ്രീംകോടതി/ഹൈക്കോടതി ഉത്തരവുകളു<br>-ടെയും ലംഘനമായതിനാലും നഗരത്തിലെ<br>ഗതാഗതക്കുരുക്കും, സുരക്ഷാ പ്രശ്നവും<br>വർദ്ധിക്കുമെന്നതിനാലും ആയവ നിരുപാധികം<br>നിരസിക്കുകയുണ്ടായി.<br>എറണാകുളം നഗരത്തിലെ റോഡുകൾ<br>ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്നതി<br>-നാൽ സ്വകാര്യ ബസ്സുകൾക്ക് ടി<br>റൂട്ടുകളിൽ കൂടി സർവ്വീസ് നടത്തുന്നതിന്<br>പെർമിറ്റ് അനുവദിക്കാൻ നിയമം<br>അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ<br>പൊതുജന താൽപര്യം മുൻനിർത്തി കൊച്ചി<br>നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഗോശ്രീ പാലം വഴി വൈപ്പിനിലേക്കും, തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് 20 (ഇരുപത്) കെ എസ് ആർ ടി സി ബസ്സുകൾക്ക് സ്ഥിര പെർമിറ്റ് അനുവദിക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്ര ക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.